**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊല്ലം-ചിതറ ഗ്രാമപഞ്ചായത്ത് കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1703/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/09/2020

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 25/06/2020 ലെ PAN/4467/2020-J6(DP) നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ല ചിതറ ഗ്രാമപഞ്ചായത്തിൽ 2019 വർഷം വരൾച്ചയുടെ ഭാഗമായി ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ശ്രീ.രവീന്ദ്രൻ നായർ എന്നയാൾക്ക് അനുമതി നൽകിയിരുന്നു. ആയതിൻ പ്രകാരം 15/04/2019 മുതൽ 20/07/2019 വരെ കുടിവെള്ള വിതരണം നടത്തിയിരുന്നു. എന്നാൽ 09/05/2019 മുതൽ 26/05/2019 വരെയുള്ള കാലയളവിൽ ജി.പി.എസ് പ്രവർത്തനരഹിതമാകുകയും കരാറുകാരന്റെ അറിവില്ലായ്മകൊണ്ട് തകരാറ് പരിഹരിക്കാതെ അടിയന്തര സാഹചര്യം പരിഗണിച്ച് കുടിവെള്ള വിതരണം തുടരുകയും ചെയ്തു. ജി.പി.എസ് കേടായ കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ആഫീസർ, വാട്ടർ അതോറിറ്റി ചീഫ് എൻജിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കുടിവെള്ള വിതരണത്തിന് ചെലവായ 2,25,540/-രൂപ കരാറുകാരന് നൽകിയിട്ടില്ലെന്നും, ടി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ കത്ത് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിതറ ഗ്രാമപഞ്ചായത്തിൽ 2019 വർഷം ജി.പി.എസ്സ് പ്രവർത്തിക്കാത്ത കാലയളവിൽ കുടിവെള്ള വിതരണത്തിന് ചെലവായ 2,25,540/-രൂപ (രണ്ടു ലക്ഷത്തി ഇരുപത്തഞ്ചായിരത്തി അഞ്ഞൂറ്റി നാല്പത് രൂപ) കരാറുകാരന്റെ അറിവില്ലായ്മ മാപ്പാക്കി, തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

ചിതറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ(എൽബിഎ & എ) കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്

Signature Not Verified

Digitally signed by S BINDU
Date: 2020.09.22 16:20:09 IST
Reason: Approved